"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കൊല്ലം, ചൊവ്വള്ളൂർ സെന്റ് ജോർജ് വി.എച്ച്.എസ്.എസ്.ലെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തികയിലെ ശ്രീമതി. മെറിൻ കെ ചെറിയാന്റെ നിയമനം അംഗീകരിക്കുന്നതിനായി കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3680/2026/GEDN തീയതി,തിരുവനന്തപുരം, 01-06-2026

പരാമർശം:-

1. കൊല്ലം, ചൊവ്വള്ളൂർ സെന്റ് ജോർജ് വി.എച്ച്.എസ്.എസ്.ലെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തികയിലെ ശ്രീമതി. മെറിൻ കെ ചെറിയാന്റെ നിയമനം അംഗീകരിക്കുന്നതിനായി കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച 28/06/2025 തീയതിയിലെ പുന:പരിശോധന ഹർജി.
2. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 12/09/2025 തീയതിയിലെ DEOKTR/1604/2025-B6 നമ്പർ കത്ത്.
3. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 15-09-2025 തീയതിയിലെ DDEKLM/3076/2025-B4 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 15-09-2025 തീയതിയിലെ ഇ.റ്റി1/18269/2025/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

ചൊവ്വള്ളൂർ സെന്റ് ജോർജ് വി.എച്ച്.എസ്.എസ്. ൽ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) ആയി **18.07.2024** മുതൽ നിയമിക്കപ്പെട്ട ശ്രീമതി. മെറിൻ കെ ചെറിയാന്റെ നിയമനം തുടർച്ചയായി അംഗീകരിച്ചു കിട്ടുന്നതിനുവേണ്ടി മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിൽ വാദം കേട്ടു.

**2. മാനേജറുടെ വാദം താഴെപ്പറയും പ്രകാരമായിരുന്നു :**

കൊല്ലം ജില്ലയിൽ കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട ചൊവ്വള്ളൂർ സെൻ്റ് ജോർജ് ഹൈസ്കുളിൽ യു.പി.എസ്.റ്റി ആയിരുന്ന ശ്രീമതി മെറിൻ കെ ചെറിയാനെ **05-07-24**-ലെ സ.ഉ.(കൈ) നം. **78/24/GEdn** നമ്പർ ഉത്തരവ്

പ്രകാരം ഇംഗ്ലീഷ് എച്ച്.എസ്.റ്റി ആയി പ്രൊമോഷൻ നൽകി 18-07-24 മുതൽ ടി സ്കൂളിൽ തന്നെ നിയമിച്ചു. ടി നിയമനം 18-07-24 മുതൽ 31-03-25 വരെ പരിമിതപ്പെടുത്തി അംഗീകരിച്ചതിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു റിവിഷൻ അപ്പീൽ സമർപ്പിച്ചു. നിയമനാംഗീകാരം 14-7-25 വരെ ദീർഘിപ്പിച്ചു നൽകാൻ നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരിക്കയാണ്. പ്രൊമോഷൻ നിയമനം 18-07-24 മുതൽ തുടർച്ചയായി അംഗീകരിക്കുന്നതിനു വേണ്ടിയാണ് ഈ റിവിഷൻ അപ്പീൽ സമർപ്പിക്കുന്നത്.

എട്ട്, ഒൻപത്, പത്ത് ക്ലാസുകളിൽ ഓരോ ഡിവിഷൻ വീതം മാത്രമുള്ള ഈ സ്കൂളിൽ ഇംഗ്ലീഷ് ഒരു ഭാഷാവിഷയമായി പരിഗണിച്ച് പീരിയഡ് അടിസ്ഥാനത്തിൽ ഇംഗ്ലീഷ് തസ്തിക അനുവദിക്കുന്നതിന് ബഹു. കേരള ഹൈക്കോടതിയുടെ 10-08-21 -ലെ WPC 23159/2018 മേലുള്ള വിധിയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ വെളിച്ചത്തിൽ ഒരു എച്ച്.എസ്.റ്റി ഇംഗ്ലീഷ് തസ്തിക 2022-23 വർഷം മുതൽ അനുവദിച്ചു നൽകുന്നുണ്ട്. ഇപ്രകാരം അനുവദിക്കുന്ന ഇംഗ്ലീഷ് എച്ച്.എസ്.റ്റി തസ്തികയിൽ നിയമപരമായി പ്രൊമോഷൻ ലഭിക്കാൻ അർഹതയുള്ളവരെ പ്രൊമോഷൻ നൽകി നിയമിക്കാൻ 05-07-24 -ലെ സ.ഉ.(കൈ)നം. 78/24/GEdn നമ്പർ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയതിൻ്റെ അടിസ്ഥാനത്തിലാണ് 43 അവകാശി എന്ന നിലയിൽ യു.പി.എസ്.റ്റി ആയിരുന്ന ശ്രീമതി. മെറിൻ കെ. ചെറിയാനെ ഇംഗ്ലീഷ് എച്ച്.എസ്.റ്റി ആയി 18-07-24 മുതൽ പ്രൊമോഷൻ നൽകി നിയമിച്ചത്. കെ.ഇ.ആർ അധ്യായം XXIII ചട്ടം 12 പ്രകാരം എയ്ഡഡ് സ്കൂളുകളിൽ ഓരോ വർഷവും തസ്തിക നിർണയം നടത്തി അനുവദിക്കുന്ന തസ്തികകൾ അടുത്ത വർഷം ജൂലൈ 14 വരെ പ്രാബല്യം ഉണ്ടായിരിക്കുമെന്നത് യാഥാർത്ഥ്യമാണ്. എന്നാൽ തസ്തിക നിർണയം ഓരോ വർഷവും നിയമപരമായി നടക്കുന്ന പ്രക്രിയയായതിനാൽ അനുവദിക്കുന്ന തസ്തികകൾ തുടർച്ചയായിട്ടുള്ളതും ടി തസ്തികകളിലെ നിയമനങ്ങൾ തുടർച്ചയായിട്ടുമാണ് അംഗീകരിക്കുന്നത്. ഓരോ വർഷവും അനുവദിച്ചു നൽകുന്ന തസ്തികകളിൽ റഗുലർ ശമ്പള സ്കെയിലിലുള്ള നിയമനങ്ങളെല്ലാം തുടർച്ചയായിട്ടാണ് അംഗീകരിച്ചു നൽകുന്നത്. എന്നാൽ ദിവസവേതനത്തിലുള്ള നിയമനങ്ങൾ അധ്യയന വർഷാവസാനത്തെ തീയതി വച്ച് പരിമിതപ്പെടുത്തിയാണ് അംഗീകരിക്കുന്നത്. ശ്രീമതി. മെറിൻ കെ. ചെറിയാൻ്റെ എച്ച്.എസ്.റ്റി ഇംഗ്ലീഷ് ആയിട്ടുള്ള നിയമനം കെ.ഇ.ആർ അധ്യായം XIV A ചട്ടം 43 ൻ്റെ അടിസ്ഥാനത്തിൽ റഗുലർ ശമ്പള സ്കെയിലിലാണ് നടത്തിയിട്ടുള്ളത്. അതിനാൽ 18-07-24 മുതൽ തുടർച്ചയായി നിയമനാംഗീകാരം ലഭിക്കാൻ അർഹതയുണ്ട്. ആയതിനാൽ ശ്രീമതി. മെറിൻ കെ. ചെറിയാൻ്റെ എച്ച്.എസ്.റ്റി ഇംഗ്ലീഷ് ആയിട്ടുള്ള നിയമനം 18-07-24 മുതൽ 14-07-25 വരെ പരിമിതപ്പെടുത്തി അംഗീകരിക്കാൻ നിർദ്ദേശിച്ച പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ്

പുനഃപരിശോധിച്ച് നിയമനം **18-07-24** മുതൽ തുടർച്ചയായി അംഗീകരിക്കുന്നതിന് ഉത്തരവുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**3. പൊതു വിദ്യാഭ്യാസ ഓഫീസർമാർ താഴെ പറയും പ്രകാരം വാദിച്ചു :**

ചൊവ്വല്ലൂർ സെന്റ് ജോർജ്ജ് വി.എച്ച്.എസ്.എസ് സ്കൂളിൽ **2024-25** വർഷത്തേക്ക് പിരീഡ് അടിസ്ഥാനത്തിൽ അനുവദിച്ച എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തികയിൽ ടി സ്കൂളിലെ യു.പി.എസ്.റ്റി ശ്രീമതി. മെറിൻ കെ ചെറിയാനെ **18/07/2024** മുതൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചു. ശ്രീമതി. മെറിൻ കെ ചെറിയാന്റെ എച്ച് എസ് ടി (ഇംഗ്ലീഷ്) തസ്തികയിലെ നിയമനം **05.07.2024** തീയതിയിലെ ജി.ഒ.(എം.എസ്)നം. **78/2024**/പൊ.വി.വ പ്രകാരം **18.7.2024** മുതൽ **31.3.2025** വരെ പരിമിതപ്പെടുത്തി ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകി. തുടർന്ന് മാനേജർ ശ്രീമതി. മെറിൻ കെ. ചെറിയാൻ്റെ നിയമനം **18/07/2024** മുതൽ **14/07/2025** വരെ അംഗീകരിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചു. എന്നാൽ സമയബന്ധിതമായി അപ്പീൽ സമർപ്പിച്ചിട്ടില്ല എന്ന കാരണത്താൽ വിദ്യാഭ്യാസ ഉപഡയറക്ടറും ടി നിയമനം നിരസിച്ചു നൽകി. ആയതിനെതിരെ മാനേജർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ സമർപ്പിച്ചിരുന്നു. ശ്രീമതി. മെറിൻ കെ ചെറിയാന്റെ **HST** (ഇംഗ്ലീഷ്) തസ്തികയിലെ നിയമനം **18.7.2024** മുതൽ തുടർച്ചയായി അംഗീകരിക്കണം എന്നതായിരുന്നു മാനേജരുടെ അപ്പീൽ ആവശ്യം. **2024-25** തസ്തിക നിർണ്ണയ ഉത്തരവിന് **14-07-2025** വരെ പ്രാബല്യം ഉള്ളതിനാൽ നിയമനം **14-07-2025** വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ് എന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. മെറിൻ കെ ചെറിയാൻ്റെ **18/07/2024** മുതലുള്ള സ്ഥാനക്കയറ്റം നിയമനം **14-07-2025** വരെ ദീർഘിപ്പിച്ചു നൽകുന്നതിനു ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകികൊണ്ട് ഈ കാര്യാലയത്തിൽ നിന്നും ഉത്തരവായിരുന്നു.

**05/07/2024** തീയതിയിലെ സ.ഉ.(കൈ)നം. **78/2024**/പൊ.വി.വ സർക്കാർ ഉത്തരവിൽ **2024-25** അധ്യയന വർഷത്തിൽ, ഇംഗ്ലീഷ് വിഷയത്തിന് പിരീഡ് അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം നടത്തി ആവശ്യമായി വരുന്ന അധിക എച്ച്.എസ്.ടി ഇംഗ്ലീഷ് തസ്തികകൾ താൽക്കാലികമായി സൃഷ്ടിച്ച് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനു അനുമതി നൽകി ഉത്തരവായിട്ടുള്ളത്. ശ്രീമതി.മെറിൻ.കെ. ചെറിയാനെ **15/07/25** തീയതി പ്രാബല്യത്തിൽ ടി സ്കൂളിൽ തന്നെ എച്ച് എസ് റ്റി (ഇംഗ്ലീഷ്) ആയി പുനർനിയമനം നടത്തി നിയമനാംഗീകാരത്തിനുള്ള അപേക്ഷ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. ആയതും നിലവിൽ പരിഗണനയിലാണ്.

ചൊവ്വല്ലൂർ സെൻറ് ജോർജ്ജ് വി.എച്ച്.എസ്.എസ് ൽ **2024-25** വർഷത്തേക്ക് പിരീഡ് അടിസ്ഥാനത്തിൽ അനുവദിച്ച എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തിക **2025-26** അദ്ധ്യയന വർഷത്തിലും തുടരുന്നതിനാൽ പ്രസ്തുത തസ്തിക നഷ്ടപ്പെടുന്നത് വരെ ശ്രീമതി.മെറിൻ.കെ.ചെറിയാന്റെ സ്ഥാനക്കയറ്റ നിയമനം **05/07/2024** തീയതിയിലെ സ.ഉ.(കൈ) നം.**78/2024**/പൊ.വി.വ സർക്കാർ ഉത്തരവിൻ്റെയും **26/09/2024** തീയതിയിലെ സ.ഉ.(കൈ) നം.**120/2024**/പൊ.വി.വ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ പരിഗണനാർഹമാണ് എന്നുള്ള വിവരം സർക്കാരിനെ അറിയിച്ചുകൊള്ളുന്നു.

**4.** സർക്കാർ ഈ വിഷയം ഹർജിക്കാരന്റെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ചൊവ്വല്ലൂർ സെന്റ് ജോർജ് വി.എച്ച്.എസ്.എസ്. ൽ **2024-25** അധ്യയന വർഷം പീരീഡ് അടിസ്ഥാനത്തിൽ അനുവദിച്ച ഇംഗ്ലീഷ് എച്ച്.എസ്.ടി. തസ്തികയിൽ ടി സ്കൂളിലെ യു.പി.എസ്.ടി ശ്രീമതി. മെറിൻ കെ ചെറിയാൻ **18.07.2024** മുതൽ സ്ഥാനക്കയറ്റം ലഭിച്ച് നിയമിതയായി. പ്രസ്തുത നിയമനം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു. **18.07.2024** മുതൽ **31.03.2025** വരെ പരിമിതപ്പെടുത്തിയാണ് ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചത്. പിന്നീട് ശ്രീ. മെറിൻ കെ ചെറിയാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച അപ്പീൽ പ്രകാരം **18.07.2024** തീയതി മുതലുള്ള നിയമനം **14.07.2025** വരെ ദീർഘിപ്പിച്ച് നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുകയും ആയതിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നടപടികൾ സ്വീകരിച്ചു വരികയുമാണ്. ശ്രീമതി. മെറിൻ കെ ചെറിയാന്റെ **15.07.2025** തീയതി പ്രാബല്യത്തിൽ ടി സ്കൂളിലെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തികയിൽ പുനർ നിയമനം നടത്തി നിയമനാംഗീകാരത്തിനുള്ള അപേക്ഷ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരിഗണനയിലാണെന്ന് പൊതുവിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാളുടെ **18.07.2024** മുതലുള്ള എച്ച്.എസ്.ടി. (ഇംഗ്ലീഷ്) നിയമനം തുടർച്ചയായി അംഗീകരിച്ചു കിട്ടുന്നതിനാണ് സർക്കാരിൽ റിവിഷൻ അപ്പീൽ ഫയൽ ചെയ്തിരിക്കുന്നത്. ചൊവ്വല്ലൂർ സെന്റ് ജോർജ് റിവിഷൻ ഹർജി വി.എച്ച്.എസ്.എസ് - ൽ **2024-25** വർഷത്തേക്ക് പീരിയഡ് അടിസ്ഥാനത്തിൽ അനുവദിച്ച എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തിക **2025-26** അധ്യയന വർഷത്തിലും തുടരുന്നതിനാൽ പ്രസ്തുത തസ്തിക നഷ്ടപ്പെടുന്നതുവരെ ശ്രീമതി. മെറിൻ കെ ചെറിയാന്റെ സ്ഥാനക്കയറ്റ നിയമനത്തിന് പ്രസ്തുത തസ്തികയിൽ സാധുതയുണ്ട് എന്ന വിവരം പൊതു വിദ്യാഭ്യാസ ഓഫീസർമാർ അറിയിച്ചിട്ടുണ്ട്.

5. മേൽ സാഹചര്യത്തിൽ ചൊവ്വള്ളൂർ സെൻറ് ജോർജ്ജ് വി.എച്ച്.എസ്.എസ് ൽ **2024-25** വർഷത്തേക്ക് പിരീഡ് അടിസ്ഥാനത്തിൽ അനുവദിച്ച എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തിക **2025-26** അദ്ധ്യയന വർഷത്തിലും തുടരുന്നതിനാൽ പ്രസ്തുത തസ്തിക നഷ്ടപ്പെടുന്നത് വരെ ശ്രീമതി.മെറിൻ.കെ. ചെറിയാന്റെ സ്ഥാനക്കയറ്റ നിയമനം **05/07/2024** തീയതിയിലെ സ.ഉ.(കൈ) നം.**78/2024**/പൊ.വി.വ സർക്കാർ ഉത്തരവിൻ്റെയും **26/09/2024** തീയതിയിലെ സ.ഉ(കൈ)നം.**120/2024**പൊ.വി.വഉത്തരവിന്റെയുംഅടിസ്ഥാനത്തിൽ മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ചു നൽകാൻ നിർദ്ദേശം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകി അപ്രകാരം ചൊവ്വള്ളൂർ സെന്റ് ജോർജ് വി.എച്ച്.എസ്.എസ്. ൽ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) ആയി **18.07.2024** മുതൽ നിയമിക്കപ്പെട്ട ശ്രീമതി. മെറിൻ കെ ചെറിയാന്റെ നിയമനം തുടർച്ചയായി അംഗീകരിച്ചു കിട്ടുന്നതിനുവേണ്ടി മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
കോർപ്പറേറ്റ് മാനേജർ, സെന്റ് ജോർജ് വി.എച്ച്.എസ്.എസ്., ചൊവ്വള്ളൂർ,കൊല്ലം.
ശ്രീമതി. മെറിൻ കെ ചെറിയാൻ, എച്ച്.എസ്.ടി.(ഇംഗ്ലീഷ്), സെന്റ് ജോർജ് വി.എച്ച്.എസ്.എസ്., ചൊവ്വള്ളൂർ,കൊല്ലം
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (**GE-JA3/664/2025-G.EDN** തീയതി: **02.04.2026** )
വിവര പൊതുജന സമ്പർക്ക ( വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Meera S S
സെക്ഷൻ ഓഫീസർ
Date: 01-06-2026 12:46:27